File No.LSGD-EPA3/7/2022-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - തുറവൂർ ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിലും ടെലിവിഷനുകൾ പ്രവർത്തിക്കാൻ കേബിൾ കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.76/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:- 1. ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 20.10.2021 ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ലെ 4.82-ാം നമ്പർ യോഗ തീരുമാനം

<u>**ഉത്തരവ്**</u>

തുറവൂർ ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിലും സ്പോൺസർഷിപ്പിലൂടെ ടെലിവിഷൻ ലഭിച്ചിട്ടുണ്ടെന്നും ഈ ടെലിവിഷനുകൾ പ്രവർത്തിപ്പിക്കാൻ കേബിൾ കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിക്കുകയും മേൽ പ്രപ്പോസൽ, 18.12.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും അനുമതി നല്കാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിലും സ്പോൺസർഷിപ്പിലൂടെ ലഭിച്ച ടെലിവിഷനുകൾ പ്രവർത്തിപ്പിക്കുവാൻ കേബിൾ കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിൽ ഇത്തരം തടസ്സങ്ങൾ ഒഴിവാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

## File No.LSGD-EPA3/7/2022-LSGD

സെക്രട്ടറി,തുറവൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.

ജില്ലാ പ്ലാനിംഗ് ഓഫീസർ,ആലപ്പുഴ.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ധനകാര്യ വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ